ടി.കെ.എം. ഇഖ്ബാൽ

# മതേതരത്വം, ദേശീയത്വം ജമാഅത്തെ ഇസ്‌ലാമി

സെക്യുലറിസം (മതേതരത്വം), നാഷണലിസം (ദേശീയത്വം) തുടങ്ങിയ ആധുനിക 'ഇസ'ങ്ങളോടുള്ള ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാട് മനസ്സിലാക്കണമെങ്കിൽ, ഈ 'ഇസ'ങ്ങളെയും ജമാഅത്തെ ഇസ്‌ലാമിയെയും അവയുടെ അടിസ്ഥാനങ്ങളിൽ നിന്നുകൊണ്ട് വിശകലനം ചെയ്യേണ്ടതുണ്ട്. ഭിന്നസാഹചര്യങ്ങളിൽ ഭിന്നരീതികളിൽ ഉപയോഗിക്കുന്നതിനാൽ അർഥലോപമോ അർഥവ്യതിയാനമോ സംഭവിച്ച ഇത്തരം 'ഇസ'ങ്ങളുടെ പേര് കേൾക്കുമ്പോൾ നമ്മുടെ മനസ്സിലേക്ക് പെട്ടെന്ന് കടന്നുവരുന്ന ധാരണകളാവരുത് വിശകലനത്തിന്റെ അടിസ്ഥാനം എന്നർഥം. അതുപോലെത്തന്നെ ഇന്ത്യൻ സെക്യുലറിസത്തോട് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ നിലപാടെന്ത് എന്ന ചോദ്യം സെക്യുലറിസം എന്ന സിദ്ധാന്തത്തോട് ജമാഅത്തെ ഇസ്‌ലാമി എന്ന ആദർശപ്രസ്ഥാനത്തിന്റെ നിലപാടെന്ത് എന്ന ചോദ്യത്തിന് ശേഷം കടന്നുവരേണ്ടതാണ്. അഥവാ ഈ രണ്ട് ചോദ്യങ്ങളെയും വേർതിരിച്ച് തന്നെ മനസ്സിലാക്കണം. ഇത് മനസ്സിലാക്കാത്തത് കൊണ്ടാണ് മുൻപറഞ്ഞ ആധുനിക ഭൗതികസിദ്ധാന്തങ്ങൾക്കെതിരെ ജമാഅത്തെ ഇസ്‌ലാമി നടത്തുന്ന താത്വികവിമർശനങ്ങൾ കണ്ടുകൊണ്ട് ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ മതേതരത്വത്തിനും ജനാധിപത്യ സമ്പ്രദായങ്ങൾക്കുമൊക്കെ എതിരാണ് എന്നുപലരും തെറ്റിദ്ധരിക്കുന്നത്.

**സെക്യുലറിസം**

എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക 'അതീസം' (നിരീശ്വരവാദം) എന്ന തലക്കെട്ടിൽ ഉൾപെടുത്തിയാണ് സെക്യുലറിസത്തെക്കുറിച്ച് പ്രതിപാദിക്കുന്നത്. നിരീശ്വരവാദത്തെ താത്വികമെന്നും പ്രായോഗികമെന്നും വേർതിരിച്ചുകൊണ്ട് എൻസൈക്ലോപീഡിയ പറയുന്നു: "പ്രായോഗിക നിരീശ്വരവാദം, പ്രയോഗത്തിൽ ദേവനിഷേധം തന്നെയാണ്. അത്തരം ഒരു ദർശനത്തെ സംബന്ധിച്ചിടത്തോളം ദൈവമുണ്ടോ എന്ന ചോദ്യം ജീവിതത്തിന്റെ അർഥവും മനുഷ്യാസ്തിത്വത്തിന്റെ നിലപാടുകളുമായി ബന്ധപ്പെടുത്തുമ്പോൾ അപ്രസക്തമാണ്. മുമ്പ് പ്രകൃത്യാതീത ശക്തികോളോട് ചേർത്തുപറഞ്ഞ പ്രതിഭാസങ്ങൾക്ക് ശാസ്ത്രീയ വിശദീകരണം കണ്ടെത്തിയതോടെ ആധുനിക മനുഷ്യന്റെ 'പ്രേതബാധയൊഴിഞ്ഞ ലോകം' പിറന്നുവീണു. അതുപോലെത്തന്നെ വൈദ്യശാസത്രം, വിദ്യഭ്യാസം, കല തുടങ്ങിയ മേഖലകളിൽ സംഘടിത മതങ്ങളുടെ സ്വാധീനം അവസാനിച്ചതോടെ ദൈവത്തിനും പരലോകത്തിനും കാര്യമായ പങ്കില്ലാതെ ഒരു ജീവിതവീക്ഷണം വളർത്തിയെടുക്കാൻ മനുഷ്യൻ ഉദ്യുക്തനായി. ഇത്തരം ഒരു ജീവിതദർശനത്തെ കുറിക്കാനാണ് 19-ാം നൂറ്റാണ്ടിന്റെ മധ്യത്തിൽ സെക്യുലറിസം എന്ന വാക്ക് നിർമിക്കപ്പെട്ടത്." (എൻസൈക്ലോപീഡിയ ബ്രിട്ടാനിക്ക, ഭാഗം രണ്ട്, പേജ് 668)

ദൈവത്തിന്റെയും മതത്തിന്റെയും സ്ഥാനത്ത് ആധുനിക നാഗരികത പ്രതിഷ്ഠിച്ച ജീവിത വീക്ഷണം എന്ന നിലക്കാണ് സെക്യുലറിസത്തെ ജമാഅത്തെ ഇസ്‌ലാമി എതിർക്കുന്നത്. വ്യാവസായിക വിപ്ലവത്തിന്റെയും മുതലാളിത്തത്തിന്റെയും ഉൽപന്നമായിട്ടാണ് അത് ജന്മംകൊണ്ടത്. സുഖഭോഗാസക്തമായ ഒരു ജീവിതശൈലിയാണല്ലോ മുതലാളിത്തം പഠിപ്പിക്കുന്നത്. ഈ ജീവിത ശൈലിയോടുള്ള പ്രതിപത്തിയാണ് ഭോഗാസക്തിയെ നിയന്ത്രിക്കുന്ന മത-ധാർമിക മൂല്യങ്ങളെ തിരസ്കരിക്കാനും മതേതര ഭൗതികവാദത്തെ പകരം സ്വീകരിക്കാനും പടിഞ്ഞാറൻ ജനതയെ പ്രേരിപ്പിച്ചത്. ശാസ്ത്രീയ ഗവേഷണത്തെയും സ്വതന്ത്രചിന്തയെയും ക്രൂരമായി അടിച്ചമർത്തിയ മധ്യകാല ക്രിസ്തുമതത്തിന്റെ പിന്തിരിപ്പൻ നിലപാടുകൾ യൂറോപ്പിൽ നിരീശ്വരത്വത്തിന്റെയും ഭൗതികവാദത്തിന്റെയും വളർച്ചക്ക് ആക്കംകൂട്ടി. ഇതിന്റെയൊക്കെ ഫലമായി വ്യക്തിയുടെയും പ്രായോഗിക ജീവിതരംഗങ്ങളിൽനിന്ന് മതവും ദൈവവും പുറന്തള്ളപ്പെട്ടു. പടിഞ്ഞാറൻ ശക്തികളുടെ കൊളോണിയൽ വാഴ്ചക്ക് അടിപ്പെട്ട മുസ്‌ലിം സമൂഹങ്ങളിലെ ബുദ്ധിജീവികൾ പോലും പാശ്ചാത്യ സംസ്കാരത്തിന്റെ നിറപ്പകിട്ടിൽ വഞ്ചിതരായി, മതത്തെക്കിറിച്ച സെക്യുലറിസ്റ്റ് വീക്ഷണം കൈക്കൊള്ളാനും അതനുസരിച്ച് ഇസ്‌ലാമിനെ ദുർവ്യാഖ്യാനം ചെയ്യാനും തുടങ്ങി. (പുരോഹിത മതമായി അധഃപതിച്ച ക്രസ്ത്യാനിസത്തിന്റെ പാരമ്പര്യ മതധാരണകളെ ചോദ്യം ചെയ്യാൻ യൂറോപ്യൻ ധിഷണക്ക് പ്രചോദനമേകിയത്, മുസ്‌ലിം സ്പെയ്ൻ അവർക്ക് സംഭാവന ചെയ്ത സ്വതന്ത്രചിന്തയും ശാസ്ത്രീയഗവേഷണ സമ്പ്രദായവുമായിരുന്നു എന്ന ചരിത്രസത്യം ഇവിടെ ഓർക്കുന്നത് കൗതുകകരമായിരിക്കും.) മതത്തെ ജീവിതത്തിന്റെ സമഗ്രദർശനമായി കാണുകയും അഖില ജീവിത മേഖലകളുടെയും മേൽ ദൈവത്തിന്റെ പരമാധികാരം ഊന്നിപ്പറയുകയും ചെയ്യുന്ന ഇസ്‌ലാമിന് പടിഞ്ഞാറൻ സെക്യുലറിസത്തോട് രാജിയാവാൻ സാധ്യമല്ലെന്ന് വ്യക്തം. മുസ്‌ലിം ചിന്ത പടിഞ്ഞാറിന്റെ മുമ്പിൽ മാപ്പുസാക്ഷിയായി നിന്ന ഈ കാലഘട്ടത്തിലാണ് മതവിരുദ്ധമായ ഭൗതികനാഗരികതയുടെ അടിമത്തത്തിൽനിന്ന് ഇസ്‌ലാമികചിന്തയെയും ഇസ്‌ലാമിക സമൂഹത്തെയും മോചിപ്പിക്കാൻ പ്രതിജ്ഞയെടുത്തുകൊണ്ട് സയ്യിദ് അബുൽ അഅ്‌ലാ മൗദൂദിയെപ്പോലുള്ള നവോത്ഥാന നായകരും ജമാഅത്തെ ഇസ്‌ലാമിയെ പോലുള്ള നവോത്ഥാന പ്രസ്ഥാനങ്ങളും ഉദയം ചെയ്തത്. ഇസ്‌ലാമിന്റെ പ്രസക്തിയും പ്രായോഗികതയും ഊന്നിപ്പറയുമ്പോൾ പടിഞ്ഞാറൻ നാഗരികതയുടെ താത്വികാടിത്തറകളെ അവർ ചോദ്യം ചെയ്യുമെന്നത് സ്വാഭാവികം മാത്രം. പടിഞ്ഞാറൻ സെക്യുലറിസത്തിനെതിരെ മൗദൂദി തൊടുത്തുവിട്ട വിമർശനത്തിന്റെ ഒരു മാതൃക കാണുക:

'ആദ്യമായി ജീവിതവ്യവസ്ഥിതിയുടെ ഒന്നാമത്തെ തറക്കല്ലായ മതേതരഭൗതികത്വത്തെതന്നെ എടുക്കാം. മനുഷ്യന്റെ വ്യക്തിജീവിതത്തോട് മാത്രമാണ് ദൈവത്തിനും മതത്തിനുമുള്ള ബന്ധം എന്ന സിദ്ധാന്തം കേവലം ബാലിശവും നിരർഥകവുമാകുന്നു. യുക്തിയുടേയോ വിജ്ഞാനത്തിന്റേയോ പിൻബലം അതിനില്ല. ഒരു കാര്യം വ്യക്തമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള വ്യവഹാരം രണ്ടിലൊരു വിധത്തിലാവാതെ നിർവാഹമില്ല. ഒന്നുകിൽ ദൈവം മനുഷ്യന്റെയും മനുഷ്യൻ അധിവസിക്കുന്ന ഈ പ്രപഞ്ചത്തിൻരെയും സ്രഷ്ടാവും നാഥനും അധിപതിയുമായിരിക്കണം. അല്ലെങ്കിൽ അങ്ങനെയൊന്നുമല്ലാതിരിക്കണം. ദൈവം മനുഷ്യന്റെ സ്രഷ്ടാവും നാഥനും അധിപതിയുമല്ലെങ്കിൽ പിന്നെ ദൈവവുമായി ഒരു സ്വകാര്യ ബന്ധം പുലർത്തുന്നതിന്റെ ആവശ്യമില്ല. അത്തരം യാതൊരു സംബന്ധവുമില്ലാത്ത

തികച്ചും അന്യമായ ഒരാസ്തികൃത്തെ കണ്ടമാനം ആരാധിച്ചുകൊള്ളണമെന്നത് വെറും അർഥശൂന്യമായ ഒരു വാദം മാത്ര മാണ്. ഇനി യാഥാർഥ്യം മറിച്ചാണെങ്കിൽ, നമ്മുടെയും സകലചരാചരങ്ങളുടെയും സ്രഷ്ടാവും ഉടമയും അധിപതിയുമാണ് ദൈവമെന്നുണ്ടെങ്കിൽ അവന്റെ അധി കാരപരിധി (Jurisdiction) ഓരോ മനുഷ്യ ന്റെയും സ്വകാര്യ ജീവിതത്തിൽ മാത്രം പരിമിതമായിരിക്കുന്നതിനും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ഒരു പൊതു ബന്ധം ആരംഭിക്കുന്നിടത്ത് വെച്ച് ആ അധികാരം അവസാനിച്ചു പോവുന്നതിനും ഒരു ന്യായവുമില്ല..... ഓരോ വ്യക്തിയും ഒറ്റൊക്കൊറ്റക്കായിരിക്കുമ്പോൾ ദൈവ ത്തിന്റെ ദാസൻ; എന്നാൽആ വ്യക്തികൾ കൂടിച്ചേർന്ന് ഒരു സമൂഹമായിരിക്കുമ്പോൾ ദൈവദാസരല്ലെന്നും. ഘടകങ്ങളോരോന്നും അടിമയാണ്. പക്ഷെ, ഘടകങ്ങളുടെ സാമൂഹ്യഘടന അടിമയല്ലെന്ന്! തനിഭ്രാന്ത ന്മാർക്ക് മാത്രം സങ്കൽപിക്കാൻ കഴിയുന്ന ഒരു ഭാവനയാണിത്. നമ്മുടെ വീട്ടിൽ, നമ്മുടെ ഗ്രാമത്തിൽ, നമ്മുടെ പാർല മെന്റിൽ, നമ്മുടെ ഗവൺമെന്റ് ഹൗസിൽ, നമ്മുടെ കോടതിയിൽ, നമ്മുടെ സെക്രട്ടറിയേറ്റിൽ, നമ്മുടെ സൈനികത്താവളത്തിൽ, നമ്മുടെ പോലീസ് ലൈനിൽ, നമ്മുടെ യുദ്ധരംഗ ത്തിൽ, നമ്മുടെ സന്ധിസമ്മേളനത്തിൽ... ഇവിടെയൊന്നും നമുക്ക് ദൈവത്തിന്റെയും ദൈവനിർദേശത്തിന്റെയും ആവശ്യമില്ലെ ങ്കിൽ പിന്നെ എവിടെയാണുള്ളതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാവുന്നില്ല. ഏതെ ങ്കിലുമൊരു ജീവിതവ്യവഹാരത്തിൽ നമുക്ക് മാർഗനിർദേശം നൽകാത്ത അത്രയും ഉപകാരശൂന്യമോ, അല്ലെങ്കിൽ നാം അവ്യക്തവും അപ്രായോഗികവുമായി കാണുന്ന നിർദേശം മാത്രം നൽകുന്ന അജ്ഞാനിയോ (മആദല്ലാഹ്!) ആയ ഒരു ത്തനെ നമ്മുടെ ദൈവമായി വരിക്കുകയും അവന് കണ്ടമാനം ആരാധന നടത്തുകയും ചെയ്യുന്നത് എന്തിനാണ്?

(ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേ ശം, പേജ് 15,16,17)

**നാഷനലിസം**

നാഷനലിസം (ദേശീയത്വം) പല പ്പോഴും ദേശസ്നേഹവും ദേശീയ സ്വാതന്ത്ര്യവികാരവുമായി തെറ്റിദ്ധരി ക്കപ്പെടാറുണ്ട്. വാസ്തവത്തിൽ ഭൗതിക വാദിയായ മനുഷ്യന് കൂറ് പുലർത്താൻ ദൈവത്തിന്റെ സ്ഥാനത്ത് പ്രതിഷ്ഠിക്ക പ്പെട്ട വിഗ്രഹങ്ങളിലൊന്നാണത്. "വ്യക്തി യുടെ പരമമായ കൂറ് ദേശീയ രാഷ്ട്രത്തോട് (National State) വെച്ചുപുലർത്തുന്ന മാന സികാവസ്ഥസ്ഥ' എന്നാണ് എൻസൈക്ലോ പീഡിയ ബ്രിട്ടാനിക്ക നാഷനലിസത്തെ നിർവചിച്ചിരിക്കുന്നത്. (ഭാഗം 16, പേജ്: 63) ഹിറ്റ്ലറുടെ നാസിസവും മുസ്സോളിനിയുടെ ഫാഷിസവും പടിഞ്ഞാറൻ നാഷനലിസ ത്തിന്റെ മൂർത്തരൂപങ്ങളായിരുന്നു. ഫാഷി സത്തിന്റെയും നാസിസത്തിന്റെയും ഇന്ത്യൻ പ്രതിരൂപങ്ങളാണ് ഇവിടെ വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന സവർണവർഗീ യ സംഘടനകൾ. സാർവലൗകികമായ ഒരു ലോകവീക്ഷണത്തിന് ഇടം നൽകാത്ത വിധം ദേശീയവാദം ഇപ്പോൾ ലോകത്തെ കീഴടക്കിക്കഴിഞ്ഞിരിക്കുന്നു. അത് ചരിത്ര ത്തിന് സമ്മാനിച്ച ദുരന്തങ്ങൾ രണ്ട് ആഗോളയുദ്ധങ്ങളിലൊതുങ്ങുന്നില്ല. അവ സാനിക്കാത്ത അതിർത്തി തർക്കങ്ങളും ശീതസമരങ്ങളും ആയുധ പന്തയങ്ങളു മായി അതിന്നും തുടരുന്നു.മനുഷ്യത്വത്തെ ഭൂമിശാസ്ത്രപരമായ അതിരുകളിൽ തളച്ചി ടുന്ന ഈ കുടിലദേശീയസങ്കൽപം ഇസ്‌ലാ മിന്റെ വിശ്വമാനവികതയുമായും സാർവലൗ കിക സാഹോദര്യവിഭാവനയുമായും ഇട യുന്നത് സ്വാഭാവികം മാത്രം. ദേശീയതത്വ ത്തെയും ദേശസ്നേഹത്തെയും വേർതി രിച്ചുകൊണ്ട് മൗദൂദി നടത്തുന്ന വിമർശനം ശ്രദ്ധിക്കുക.

"ജനതാത്വത്തെയും(Nationality) ദേശ സ്നേഹത്തെയും കുറിച്ച് നമുക്കാക്ഷേപ മില്ല. കാരണം, പ്രാകൃതിക യാഥാർഥ്യം മാത്രമാണ്. ദേശാഭിമാനത്തിനും മറ്റുജന തകളോടുള്ള അസൂയ ഉൾച്ചേരാത്ത തര ത്തിലുള്ള സ്വജനഗുണകാംക്ഷക്കും നാം എതിരല്ല.... ദേശീയ സ്വാതന്ത്ര്യമാകട്ടെ, നാം അങ്ങേയറ്റം അനുകൂലിക്കുന്നുമുണ്ട്. കാരണം കാര്യങ്ങൾ സ്വയം നിർവഹിക്കു കയെന്നതും സ്വഗേഹത്തിന്റെ സ്വയംഭര ണവും സ്വയം നിർണ്ണയവുമെല്ലാം ഓരോ വ്യക്തിയുടെയും ഓരോ സമുദായത്തി ന്റെയും ജന്മാവകാശം മാത്രമാകുന്നു. ഒരു സമുദായത്തിന്റെ മേൽ മറ്റൊരു സമുദായ ത്തിന്റെ സ്വേഛഭരണം അടിച്ചേൽപക്കപ്പെ ടുന്നത് യാതൊരു കാരണത്താലും സാധൂ കരിക്കപ്പെടുകയില്ല. അത്കൊണ്ട് ദേശീയ സ്വാതന്ത്ര്യത്തിനോ ദേശസ്നേഹത്തിനോ ഒരിക്കലും നാം എതിരല്ല. വാസ്തത്തിൽ ആക്ഷേപകരമായിട്ടുള്ളത്, ദേശീയവാ ദം(Nationalism) ആകുന്നു. ദേശീയ സ്വാർത്ഥത്തിന്റെ വേറൊരു പേരെന്നല്ലാതെ അതിന് മറ്റൊരു യാഥാർത്ഥ്യവുമില്ലതന്നെ. ഒരു സൊസൈറ്റിയിൽ സ്വാർഥപൂജകനും സ്ഥാപിത താൽപര്യത്തിനുവേണ്ടി എന്തും ചെയ്യാൻ മടിക്കാത്തവനുമായ ഒരു വ്യക്തി യുണ്ടാവുന്നത് ഒരുശാപമാണെങ്കിൽ, ഒരു ഗ്രാമത്തിൽ സ്വന്തം ഗോത്രതാൽപര്യങ്ങളെ അന്തമായി അനുതകരിക്കുകയും ന്യായ മായ വിവേചനമന്യേ ഏതു മാർഗേണയും സ്വന്തം നന്മക്ക് വേണ്ടി പ്രവർത്തിക്കു കയും ചെയ്യുന്ന വ്യക്തികളുൾക്കൊണ്ട ഒരു ഗോത്രമുണ്ടാവുന്നത് ഒരു ശാപമാണെ ങ്കിൽ, ഒരു നാട്ടിൽ തങ്ങളുടെ വർഗപര മായ സ്വാർഥ താൽപര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുകയും ഇതരന്മാരുടെ ഗുണ ദോഷ ങ്ങളെ അഗണ്യമാക്കിക്കൊണ്ട് സ്വന്തം ലാഭ ങ്ങളുടെ പിന്നാലെ ഓടുകയും ചെയ്യുന്ന ഒരു വർഗമുണ്ടാവുന്നത് ഒരു ശാപമാണെ ങ്കിൽ, മനുഷ്യത്വത്തിന്റെ വിശാല മേഖല യിൽ വെറും സ്വാർഥംഭരികളായ ഒരു ജന തയുടെ അസ്തിത്വം എന്ത് കൊണ്ടൊരു മഹാശാപമല്ല? ദേശീയ വാദികൾ തങ്ങളുടെ ദേശീയ താൽപര്യങ്ങളെയാണ് ദൈവമായി പൂജിക്കുന്നത്. ദേശപൂജക്കായി അവർ ഒരു തത്വവും നിർണ്ണയിച്ചിട്ടുണ്ട്. ദേശീയ താൽപ ര്യത്തിന് അനുകൂലമായത് സത്യവും ധർമവും ദേശീയ താൽപര്യത്തിന് പ്രതി കൂലമായത് അസത്യവും അധർമ്മവും"

(ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം - പേജ് 20-21)

ജമാഅത്തെ ഇസ്‌ലാമിയുടെ സന്ദേശം വിശദീകരിച്ചുകൊണ്ട് വിഭജനത്തിന് തൊട്ട് മുമ്പ് 1947 മേയിൽ മൗദൂദി ചെയ്ത ഒരു പ്രസംഗത്തിൽ നിന്നാണ് നാം ഉദ്ധരിച്ചത്. ആധുനിക ഭൗതിക നാഗരികതയുടെ അടി ത്തറകളെ ചോദ്യം ചെയ്തുകൊണ്ട് ഒരു പുതിയ ലോകത്തിന്റെയും പുതിയ വ്യവ സ്ഥിതിയുടെയും അടിത്തറകൾ സമർപി ക്കുകയാണ്, മൗദൂദി ശൈലിയുടെ ലാളിത ്യവും ഗാംഭീര്യവും വിഴിഞ്ഞൊഴുകുന്ന ഈ പ്രസംഗത്തിൽ മതേതര ഭൗതികത്വത്തിന് പകരം മനുഷ്യത്വവും, ജനങ്ങളുടെ പരമാ ധികാരം ഊന്നിപ്പറയുന്ന ജനാധിപത്യ ത്തിന് പകരം ദൈവിക പരമാധികാരത്തിന് വിധേയമായ ജനപ്രാതിനിധ്യവുമാണ് മൗദൂദി മുന്നോട്ടു വെക്കുന്നത്. സ്വാതന്ത്ര്യ സമരത്തിന്റെ പശ്ചാത്തലത്തിൽ ചെയ്ത ഈ പ്രസംഗത്തിന്റെ ആഹ്വാനം സ്വാതന്ത്ര്യ സമരത്തിന് അനുകൂലവും, വിഭജനത്തിന് വഴിയൊരുക്കിയ ഹിന്ദുരാഷ്ട്രവാദത്തിനും മുസ്‌ലിം രാഷ്ട്രവാദത്തിനും എതിരിലുമാ യിരുന്നു. അതിലുപരി, സാർവലൗകിക മായ ഒരു വ്യവസ്ഥിതി മാറ്റത്തിന് വേണ്ടി യുള്ള വിപ്ലവാഹ്വാനമായിരുന്നു അത്.

**ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയും ഇന്ത്യൻ മതേതരത്വവും**

വിഭജനത്തെ തുടർന്ന് 1948 ഏപ്രിൽ മാസത്തിലാണ് ജമാഅത്തെ ഇസ്‌ലാ മിയുടെ ഇന്ത്യൻഘടകം രൂപീകൃതമായത്. ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം അതിന്റെ ഭരണഘടന വിവരിക്കു ന്നതിപ്രകാരമാണ്.

'ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ ലക്ഷ്യം 'ഇഖാമത്തുദ്ദീൻ' (ദീൻ നില നിർത്തുക) ആകുന്നു. അതിനുള്ള സാക്ഷാൽ പ്രേരകശക്തിയാവട്ടെ, അല്ലാഹു വിന്റെ പ്രീതിയും പരലോകവിജയവും സിദ്ധിക്കുകയെന്നതും.

വിശദീകരണം: ഇഖാമത്തുദ്ദീൻ എന്ന തിലെ ദീൻ കൊണ്ടുള്ള വിവക്ഷ, പ്രപഞ്ച കർത്താവായ അല്ലാഹു തന്റെ സകല പ്രവാചകന്മാരും മുഖേന വിവിധകാലങ്ങ ളിലും ദേശങ്ങളിലുമായി അയച്ചുകൊണ്ടി രിക്കുന്നതും, അവസാനം തന്റെ അന്ത്യപ്രവാചകനായ മുഹമ്മദ് (സ) മുഖേന അഖില മനുഷ്യരുടെയും മാർഗ ദർശനത്തിനായി, അന്തിമവും പരിപൂർമവു മായ രൂപത്തിൽ അവതരിപ്പിച്ചിട്ടുള്ളതുമായ സത്യദീനാകുന്നു. ഇന്ന് ലോകത്ത് പ്രാമാ

ണികവും സുരക്ഷിതവും അല്ലാഹുവിങ്കൽ സ്വീകാര്യവുമായി സ്ഥിതിചെയ്യുന്ന ഏക ദീൻ ഇതൊന്നു മാത്രമാണ്. അതിന്റെ പേരത്രെ ഇസ്‌ലാം.

ഈ ദീൻ മനുഷ്യന്റെ ദൈവപ്രീതിക്കും പാരത്രിക വിജയലബ്ദിക്കും ഉറപ്പു നൽകുന്നതുപോലെത്തന്നെ, ഐഹിക പ്രശ്നങ്ങളുടെ യുക്തമായ പരിഹാരത്തിനുള്ള അത്യുന്നതമായൊരു ജീവിതവ്യവസ്ഥിതിയുമാണത്. ഉത്തമവും പുരോഗമനോന്മുഖവുമായ വ്യക്തി-സമൂഹ ജീവിതം സംവിധാനം ഇതിന്റെ സ്ഥാപനം മൂലമേ സാധ്യമാകയുള്ളൂ.

ഈ ദീനിന്റെ 'ഇഖാമത്ത്' കൊണ്ടുള്ള വിവക്ഷ, യാതൊരുവിധ പരിഛേദനവും വിഭജനവും കൂടാതെ, ഈ ദീനിനെ മുഴുവനായി ആത്മാർഥതയോടും ഏകാഗ്രതയോടും കൂടി പിന്തുടരുകയും വ്യക്തിയുടെ പുരോഗതിയും സമൂഹത്തിന്റെ നിർമാണവും രാഷ്ട്രത്തിന്റെ സംവിധാനവും എല്ലാം തന്നെ ഈ ദീനിന് അനുരൂപമായിരിക്കുമാർ, മനുഷ്യജീവിതത്തിന്റെ വ്യക്തിപരവും സാമൂഹ്യവുമായ സകല തുറകളിലും ഇതിനെ പൂർണമായി നടപ്പിൽ വരുത്തുകയും ചെയ്യുക എന്നതാകുന്നു.

ഈ ദീനിന്റെ സ്ഥാപനത്തിനുള്ള ഉത്തമവും പ്രായോഗികവുമായ മാതൃക മുഹമ്മദ്(സ)യും ഖുലഫാഉർറാശിദും സ്ഥാപിച്ചു കാണിച്ചിട്ടുള്ളതാണ്.'

(ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഭരണഘടന ഖണ്ഡിക 4)

ഇസ്‌ലാമിന്റെ അടിസ്ഥാത്തിലുള്ള ഒരു വ്യവസ്ഥിതി മാറ്റത്തിന് വേണ്ടിയാണ് ജമാഅത്തെ ഇസ്‌ലാമി നിലകൊള്ളുന്നതെന്ന് ഈ വിവരണം വ്യക്തമാക്കുന്നു. വ്യവസ്ഥിതി മാറ്റത്തിന് ജമാഅത്ത് അവലംബിക്കുന്ന പ്രവർത്തനമാർഗം കൂടി വ്യക്തമാക്കിയില്ലെങ്കിൽ ഇന്ത്യയിൽ ഏത് വിധേനയും ഒരു ഇസ്‌ലാമിക രാഷ്ട്രം തട്ടിപ്പടച്ചെടുക്കാനുള്ള ശ്രമമായി, മഹത്തായ ലക്ഷ്യം തെറ്റിദ്ധരിക്കപ്പെട്ടേക്കും. ലക്ഷ്യം വിവരിച്ചതിന്റെ തൊട്ടുപുറകെ പ്രവർത്തനമാർഗം വിശദീകരിച്ചുകൊണ്ട് ജമാഅത്ത് ഭരണഘടന ഇപ്രകാരം പറയുന്നു.

'ജമാഅത്ത് അതിന്റെ മുഴുവൻ പ്രവർത്തനങ്ങളിലും ധാർമിക പരിധികൾ പാലിക്കുന്നതായിരിക്കും. സത്യസന്ധതക്കും വിശ്വസ്തതക്കും നിരക്കാത്തതോ, വർഗീയ വിദ്വേഷവും വർഗസംഘട്ടനവും ഭൂമുഖത്ത് നാശവും പൊട്ടിപ്പുറപ്പെടാൻ ഇടയാക്കുന്നതോ ആയ മാർഗങ്ങളും പരിപാടികളും ഒരിക്കലും അത് സ്വീകരിക്കുന്നതല്ല.

ജമാഅത്ത് അതിന്റെ ലക്ഷ്യപ്രാപ്തിക്കായി രചനാതത്മകവും സമാധാനപൂർവവുമായ മാർഗങ്ങൾ അവലംബിക്കുന്നതാണ്. അതായത് ആദർശ പ്രചരണവും പ്രബോധനവും വഴി ഹൃദയങ്ങളും സ്വഭാവചര്യകളും സംസ്കരിക്കുന്നതും അങ്ങിനെ നാട്ടിന്റെ സാമൂഹ്യജീവിതത്തിൽ ഉദ്ദിഷ്ടമായ ഉത്തമവിപ്ലവം വരുത്തുന്നതിന് പൊതുജനാഭിപ്രായം വളർത്തിക്കൊണ്ടു വരുന്നതുമാണ്. (ഭരണഘടന: ഖണ്ഡിക 5)

എന്താണ് ഇസ്‌ലാം എന്നും എന്തു കൊണ്ടാണ് ഇസ്‌ലാമിനെ വ്യവസ്ഥിതി മാറ്റത്തിന്റെ അടിസ്ഥാനമായി ജമാഅത്തെ ഇസ്‌ലാമി സ്വീകരിച്ചതെന്നും ഭരണഘടനയുടെ വിവരണത്തിൽ സംക്ഷിപ്തമായി ഉൾകൊണ്ടിട്ടുണ്ട്. അത് കൂടുതൽ വിശദീകരിക്കാൻ ഇവിടെ അസരമില്ല, അതിന്റെ ആവശ്യവുമില്ല. ജമാഅത്തിനെ അടിസ്ഥാനപരമായി പരിചയപ്പെടുത്തുന്ന മറ്റു ലേഖനങ്ങളിൽ അത് വന്നുകഴിഞ്ഞിരിക്കും. മതേതരത്വത്തോടും ദേശീയത്വത്തോടുമുള്ള ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമിയുടെ സമീപനമെന്ത് എന്നതാണ് നമ്മുടെ വിഷയം. ഇസ്‌ലാമിന്റെ സമഗ്രതയും സാർവലൗകികതയും ഊന്നിപ്പറയുന്ന ജമാഅത്തെ ഇസ്‌ലാമി ഈ സിദ്ധാന്തങ്ങളുടെ മുൻപറഞ്ഞ പടിഞ്ഞാറൻ വിവക്ഷയെ ശക്തമായി നിരാകരിക്കുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. ആത്യന്തിക ദേശീയവാദത്തെ ഇന്ത്യയിലായും യൂറോപ്പിലായാലും അറബ് രാഷ്ട്രങ്ങളിലായാലും ജമാഅത്ത് എക്കാലവും എതിർത്ത് പോന്നിട്ടുണ്ട്. ഇന്നും എതിർക്കുന്നു. മതേതരത്വത്തോടുള്ള നിലപാടും ഇതുതന്നെ. പക്ഷെ, മതേതരത്വത്തിന് നാം മുമ്പ് ചർച്ച ചെയ്തതിൽ നിന്നും ഭിന്നമായ ഒരു വിവക്ഷ ഇന്ത്യയിൽ നൽകപ്പെട്ടു പോരുന്നുണ്ട്. ഈ വിവക്ഷയെ ജമാഅത്ത് കണക്കിലെടുക്കുകയും അതിനോടുള്ള നിലപാട് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ട്. 1970 ആഗസ്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ കേന്ദ്ര കൂടിയാലോചനാ സമിതി 'മതേതര ജനാധിപത്യ ഗവൺമെന്റും ജമാഅത്തെ ഇസ്‌ലാമിയും' എന്ന തലക്കെട്ടിൽ അംഗീകരിച്ച പ്രമേയം ഇന്ത്യൻ മതേതരത്വത്തോടും ജനാധിപത്യത്തോടുമുള്ള അതിന്റെ നിലപാട് തെളിച്ചുപറയുന്നു. പ്രമേയത്തിന്റെ പൂർണരൂപം ചുവടെ:

“ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി മജ്‌ലിസ് ശൂറ ജമാഅത്തിനെതിരെ ചില വൃത്തങ്ങൾ നടത്തുന്ന പ്രചാരവേല പരിശോധിച്ചപ്പോൾ, രാജ്യത്ത് നിലവിലുള്ള സെക്യുലർ ജനാധിപത്യ ഭരണക്രമത്തോട് ജമാഅത്ത് സ്വീകരിച്ച നിലപാടിനെ കുറിച്ച് പൊതുജനങ്ങളെ വഴിപിഴപ്പിക്കാൻ ശ്രമം നടത്തുന്നുണ്ടെന്ന് കാണുകയുണ്ടായി. ഈ പ്രചാരവേല തികച്ചും അടിസ്ഥാനരഹിതമാണെങ്കിലും വിഷയകമായി ജമാഅത്തിന്റെ നിലപാട് ഒരിക്കൽ കൂടി വിശദീകരിക്കുന്നത് ഉചിതമായിരിക്കുമെന്ന് മജ്‌ലിസ് ശൂറ കരുതുന്നു.

ഇന്ത്യൻ ഭരണഘടന വിവിധ മതങ്ങൾക്കും മതാനുയായികൾക്കുമിടയിൽ നിഷ്പക്ഷമാണ്, അഥവാ മതത്തിന്റെ അടിസ്ഥാനത്തിൽ അത് പൗരന്മാർക്കിടയിൽ യാതൊരു വിവേചനവും അനുവർത്തിക്കുകയില്ല എന്ന അർഥത്തിൽ ഇന്ത്യ സെക്യുലർ സ്റ്റേറ്റാണ്. ഭരണഘടനപ്രകാരം ഒരോ പൗരനും സ്വന്തം ഹിതത്തിനൊത്ത ഏത് മതവും ആദർശവും സ്വീകരിക്കാനും അത് പ്രകാരം പ്രവർത്തിക്കാനും അത് പ്രചാരണം ചെയ്യാനും തുല്യമായ സ്വാതന്ത്ര്യമുണ്ട്.

ജനങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിക്കുന്ന സംഘടനയാണ് ജമാഅത്തെ ഇസ്‌ലാമി. ഇന്ത്യൻ ഭരണഘടനയുടെ ഉപര്യുക്ത സവിശേഷതകൾ പരിരക്ഷിക്കപ്പെടുകയും രാജ്യവാസികളുടെ മുമ്പാകെ അവരുടെ നാഥന്റെ സന്മാർഗം യഥാവിധി അവതരിപ്പിക്കപ്പെടുകയും ഇസ്‌ലാമിന്റെ പ്രബോധകർ തങ്ങളുടെ കർമ്മജീവിതത്തിലൂടെ അതിന്റെ മാതൃക കുറിച്ചുവെക്കുകയുമാണെങ്കിൽ ആദ്യമേ മുസ്‌ലിംകളായവർ യഥാർഥ മുസ്‌ലിംകളായി ഇസ്‌ലാമിക ജീവിതം നയിക്കുമെന്നും ഇതേവരെ സത്യം പ്രാപിച്ചിട്ടില്ലാത്തവർ അതിനെ കണ്ടെത്തി, സ്വീകരിച്ച് ദൈവത്തിന്റെ അനുസരണശീലരായ അടിമകളായിത്തീർന്ന് തങ്ങളുടെ വ്യക്തിപരവും സാമൂഹികവുമായ ജീവിതവും ഭരണക്രമവും ദൈവിക നിർദേശങ്ങൾക്കൊത്ത് പുനഃസംവിധാനം ചെയ്യുമെന്നും ജമാഅത്തെ ഇസ്‌ലാമിക്ക് വിശ്വാസമുണ്ട്.

ഇന്ത്യൻ ഭരണഘടനയുടെ മേൽപറഞ്ഞ സവിശേഷതകൾ ഇന്ത്യയിൽ ഇസ്‌ലാമിക പ്രബോധനത്തിന് അനുകൂല സാഹചര്യവും സൃഷ്ടിക്കുന്നുണ്ട്. ബഹുഭൂരിപക്ഷം ജനങ്ങൾക്കും ദൈവത്തിന്റെ സന്മാർഗം പരിചയപ്പെടാൻ കഴിഞ്ഞിട്ടില്ലാത്ത ഒരു രാജ്യത്ത് ഭരണഘടനയുടെ പ്രസ്തുത സവിശേഷതകളാണ് അനുയോജ്യമായിട്ടുള്ളതും. ഇക്കാരണത്താൽ ഇന്നത്തെ പരിതസ്ഥിതിയിൽ ഇന്ത്യയിൽ സമഗ്രാധിപത്യപരവും ഫാസിസ്റ്റ് രീതിയിലുള്ളതുമായ ഭരണക്രമത്തെ അപേക്ഷിച്ച് ആദ്യം പറഞ്ഞ സവിശേഷതളോട് കൂടിയ നിരപേക്ഷ ജനാധിപത്യ ഭരണക്രമം നിലനിൽക്കണമെന്ന് ജമാഅത്തെ ഇസ്‌ലാമി ആഗ്രഹിക്കുന്നു. സ്വയം ഹിതപ്രകാരമുള്ള ആദർശവും മാർഗവും തെരഞ്ഞെടുക്കാനും അത് പ്രചാരണം ചെയ്യാനും അതിനുസൃതമായി ജനാധിപത്യമാർഗങ്ങളിലൂടെ നിലവിലുള്ള വ്യവസ്ഥിതിയിൽ മാറ്റങ്ങൾക്ക് വേണ്ടി പ്രവർത്തിക്കാനുമുള്ള സ്വാതന്ത്ര്യങ്ങളെ തടസ്സപ്പെടുത്തുന്ന വിധത്തിൽ ഇപ്പോഴത്തെ ഭരണക്രമത്തിൽ വരുത്തുന്ന ഏത് മാറ്റത്തിനും ജമാഅത്ത് അനുകൂലമല്ല.

ഇവ്വിഷയകമായി ഒരു കാര്യം വ്യക്തമാക്കേണ്ടത് ആവശ്യമായി തോന്നുന്നു. മേൽ പറഞ്ഞ വിവക്ഷപ്രകാരം ഇന്ത്യ ഒരു സെക്യുലർ സ്റ്റേറ്റാണെന്ന വിശേഷണം സെക്യുലറിസത്തിന്റെ പരിമിതവും നിഷേധാത്മകവുമായ വിഭാവനയാണ്. ഇതിൽനിന്ന് ഭിന്നമായി സെക്യുലറിസത്തിന് കൂടുതൽ വിശാലവും ക്രിയാത്മകവുമായ ഒരു വിവക്ഷയുണ്ട്. അത് മതത്തെ

സാമൂഹ്യജീവിതത്തിൽനിന്ന് പുറം തള്ളുന്നുവെന്ന് മാത്രമല്ല ഓരോ വ്യക്തിയുടേയും ചിന്ത മതേതരമായിരിക്കാനും ജീവിതത്തെ കുറിച്ച അഭിപ്രായങ്ങളും കർമനയങ്ങളും മതാദ്ധ്യാപകരോടുള്ള ആഭിമുഖ്യത്തിൽനിന്ന് സ്വതന്ത്രമായിരിക്കാനും വിദ്യാഭ്യാസ സ്കീമിലൂടെയും മറ്റു പ്രചരണ പ്രസിദ്ധീകരണ മാധ്യമങ്ങളിലൂടെയും നിഷ്കർഷിക്കുകകൂടി ചെയ്യുന്നു. ഒരു പടി കൂടി മുമ്പോട്ട് കടന്ന് റഷ്യയിലും ഇതര സോഷ്യലിസ്റ്റ് രാജ്യങ്ങളിലും സെക്യുലറിസത്തിന് അക്രമണാസക്തമായ വിവക്ഷ കൽപിക്കപ്പെടുകയും അതിനെ വ്യക്തമായും നിർമതത്വത്തിന്റെ പര്യായമക്കി, മതത്തിനെതിരെ പ്രോപഗണ്ടയും മനുഷ്യജീവിതത്തിൽനിന്ന് മതത്തിന്റെ സ്വാധീനതകളെ നിശേഷം നിർമാർജനം ചെയ്യാനുള്ള ശ്രമവും സ്റ്റേറ്റ് പോളിസിയുടെ ഒരു മുഖ്യ ഘടമായി അംഗീകരിക്കപ്പെടുകയും ചെയ്തിട്ടുണ്ട്. മനുഷ്യന്റെ വ്യക്തിപരവും സാമൂഹികവുമായ ജീവിതത്തിൽ നിന്ന് ദൈവിക സന്മാർഗത്തെ പുറംതള്ളുകയും നിർമതത്വത്തിന്റെ പര്യായമായി ഭവിക്കുകയും ചെയ്യുന്ന, സെക്യുലറിസത്തിന്റെ വിശാലമായ വിവക്ഷ ഇസ്‌ലാമിന് കടക വിരുദ്ധമായതോടൊപ്പം ഇന്ത്യൻ ജനതക്കും ഇവിടുത്തെ ആത്മീയ-ധാർമിക മൂല്യങ്ങൾക്കും അനുചിതമായും ജമാഅത്തെ ഇസ്‌ലാമി വീക്ഷിക്കുന്നു. സെക്യുലറിസത്തിന്റെ പ്രസ്തുത വിവക്ഷ ഇന്ത്യയുടെ ആത്മീയ ധാർമിക മൂല്യങ്ങളിലും രാജ്യത്തിന്റെ ഭരണക്രമത്തിലും സ്വാധീനം ചെലുത്താൻ ഉതകുന്നവിധം നടത്തപ്പെടുന്ന ഏത് ശ്രമവും അപലപനീയവും എതിർക്കപ്പെടേണ്ടതുമാണ് എന്നു ജമാഅത്ത് കരുതുന്നു.”

(ദഅ്‌വത്ത്, ഡൽഹി)

പടിഞ്ഞാറൻലോകത്ത് വിവക്ഷിക്കപ്പെട്ടത് പോലെ, മതവിരുദ്ധമായ ഒരു ജീവിതസിദ്ധാന്തമായിട്ടല്ല ഇന്ത്യൻ മതേതരത്വം പൊതുവെ മനസ്സിലാക്കപ്പെടുന്നത്. പ്രത്യുത, ഇന്ത്യയുടെ ബഹുമതസാമൂഹ്യഘടനയിൽ പ്രസക്തമായ ഒരു രാഷ്ട്രീയ സമീപനരീതി എന്ന നിലക്ക് മാത്രമാണ് എല്ലാ മതങ്ങൾക്കും പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുകയും രാഷ്ട്രം ഒരു മതത്തോടും പ്രത്യേകമായ ആഭിമുഖ്യമോ വിവേചനമോ പുലർത്താതിരിക്കുകയും ചെയ്യാതിരിക്കുക എന്ന അർഥത്തിലാണ് സർവസമ്മതരായ പല ദേശീയനേതാക്കളും അതിനെ വിശദീകരിച്ചിട്ടുള്ളത്. ഇന്ത്യൻ മതേതരത്വത്തിന് ഖണ്ഡിതമായ ഒരു നിർവചനം ഇന്നേവരെ നൽകപ്പെട്ടിട്ടില്ല എന്നത് ഒരു വസ്തുതയാണ്. മതത്തെ സാമൂഹ്യ, രാഷ്ട്രീയ ജീവിതരംഗങ്ങളിൽ നിന്ന് ബഹിഷ്കരിക്കുക എന്ന പടിഞ്ഞാറൻ വിവക്ഷയും അതിന് നൽകുന്നവരുണ്ട്. ഈ വിവക്ഷയെ ജമാഅത്തെ ഇസ്‌ലാമി ശക്തിയായി നിരാകരിക്കുന്നുവെന്ന് മുകളിലുദ്ധരിച്ച പ്രമേയം വ്യക്തമാക്കുന്നു. ജമാഅത്തെ ഇസ്‌ലാമിയുടെ അതേ ശൈലിയിൽ തന്നെ രാഷ്ട്രപിതാവായ ഗാന്ധിജിയും അതിനെ നിരാകരിച്ചിട്ടുണ്ട്. ‘എന്നെസ്സംബന്ധിച്ചിടത്തോളം മതമുക്തമായ രാഷ്ട്രീയം മരണമുക്തമാണ്’ എന്ന് പ്രഖ്യാപിച്ച ഗാന്ധിജി, ‘പരിശുദ്ധമായ ധർമികാടിസ്ഥാനത്തിൽ ജനങ്ങൾക്ക് പരമാധികാരമുള്ള ഒരു രാമരാജ്യ’ത്തിനു വേണ്ടി കൊതിച്ച മഹാത്മാവാണ്.

(രാമരാജ്യം-രാഷ്ട്രപിതാവ്- കെ.പി. കേശവമേനോൻ പേജ് 142 മാതൃഭൂമി ഒക്ടോ. 1969)

‘ആത്മീയമായ നിയമം തനതായ ഒരു രംഗത്ത് മാത്രമേ പ്രവർത്തിക്കുന്നുള്ളൂവെന്ന് ഞങ്ങൾ വിശ്വസിക്കുന്നില്ല. നേരെ മറിച്ച് അത് ജീവിതത്തിലെ സാധാരണ കർമങ്ങളിലൂടെയാണ് വെളിപ്പെടുന്നത്. അപ്രകാരം അത് സാമ്പത്തികവും രാഷ്ട്രീയവുമായ രംഗങ്ങളെ ബാധിക്കുന്നുണ്ട്. (യംഗ് ഇന്ത്യ- 3.9.1925. ഉദ്ധരണം: സുകുമാർ അഴീക്കോട്, ‘മഹാത്മാവിന്റെ മാർഗം’ പേജ്: 18) എന്ന ഗാന്ധിജിയുടെ വാക്കുകൾ നമ്മുടെ നാട്ടിലെ ഗാന്ധിഭക്തന്മാരായ സെക്യുലറിസ്റ്റുകൾ ശ്രദ്ധാപൂർവം വായിച്ചു പഠിക്കേണ്ടതാണ്.

ഇന്ത്യയിലെ ബഹുജാതി ബഹുമത സാമൂഹികഘടനയെ അംഗീകരിക്കുന്നതും, ഇസ്‌ലാമിക വ്യവസ്ഥിതിയുടെ സംസ്ഥാപനത്തിനുവേണ്ടി പ്രവർത്തിക്കുന്നതും തമ്മിൽ പൊരുത്തക്കേടില്ലേ എന്ന് സന്ദേഹിക്കുന്നവരുണ്ടാവാം. ബിജെ.പിക്കാരന്റെ ഹിന്ദുരാഷ്ട്രം പോലെയോ, കമ്യൂണിസ്റ്റുകാരന്റെ സർവാധിപത്യഭരണകൂടം പോലെയോ എതിരഭിപ്രായക്കാർക്കും വിമതസ്ഥർക്കും ന്യൂനപക്ഷങ്ങൾക്കും സ്ഥാനമില്ലാത്ത ഒന്നല്ല ജമാഅത്തെ ഇസ്‌ലാമി വിഭാവനം ചെയ്യുന്ന ഇസ്‌ലാമിക വ്യവസ്ഥിതി. ഇസ്‌ലാമിന്റെ പരസഹിഷ്ണുത ഒരു കപടവാഗ്ദാനമല്ല, മഹാനായ പ്രവാചകനും ഖലീഫ ഉമറിനെപ്പോലുള്ള മഹാന്മാരായ ഭരണാധികാരികളും ചരിത്രത്തിൽ പ്രയോഗവൽക്കരിച്ചുകാണിച്ച ഒരു യാഥാർഥ്യമാണ്. പാശ്ചാത്യന്റെ കൊട്ടിഘോഷിക്കുന്ന ലിബറിസത്തേക്കാളും ജനാധിപത്യത്തെക്കാളും എത്രയോ മഹത്തരമായിരുന്നു ഇസ്‌ലാം ലോകത്തിന് കാഴ്ചവെച്ച ജനായത്ത ഭരണവ്യവസ്ഥിതി എന്നറിയണമെങ്കിൽ ഇസ്‌ലാമിക ചരിത്രവും ഇസ്‌ലാമിന്റെ ജീവിത വ്യവസ്ഥയും മുൻധാരണ കൂടാതെ പഠനവിധേയമാക്കുക തന്നെ വേണം. (പടിഞ്ഞാറൻ ജനാധിപത്യത്തിന്റെ കാപട്യങ്ങൾക്ക് ആധുനിക ചരിത്രത്തിൽ തന്നെ ഉദാഹരണങ്ങൾ വേണ്ടുവോളമുണ്ടല്ലോ.) ഇങ്ങനെ പഠനം നടത്തുന്നവർ ഇസ്‌ലാമിക ചരിത്രത്തിൽ അങ്ങിങ്ങ് പ്രത്യക്ഷപ്പെടുന്ന അക്രമികളും സേഛാധിപതികളുമായ ഭരണകർത്താക്കളെയല്ല, അവരുടെ വിധിതീർപ്പിന് മാനദണ്ഡമാക്കേണ്ടത്. ഇസ്‌ലാമിക വിശ്വാസാദർശങ്ങളെയും അവയോട് കൂറ് പുലർത്തിക്കൊണ്ട് ഭരണം നടത്തിയ മാതൃകായോഗ്യരായ ഭരണാധികാരികളെയുമാണ്. ഇന്ത്യൻ ജനത ഇസ്‌ലാമിനെ മനസ്സിലാക്കുകയും അംഗീകരിക്കുകയും ചെയ്യുന്ന ഒരു ഘട്ടത്തിൽ മാത്രമേ ഇസ്‌ലാമിക വ്യവസ്ഥയുടെ പ്രയോഗവൽക്കരണത്തെക്കുറിച്ച ചർച്ച ഇന്ത്യയിൽ പ്രസ്ക്തമാവുന്നുള്ളൂ എന്ന് കൂടി എടുത്തു പറയേണ്ടതുണ്ട്. സമാധാനപരമായ ആശയപ്രചാരണത്തിലൂടെ ഇസ്‌ലാമിനെ ഇന്ത്യൻ ജനതക്ക് പരിചയപ്പെടുത്തുക എന്ന ദൗത്യമാണ് ജമാഅത്തെ ഇസ്‌ലാമി ഇപ്പോൾ നിർവഹിച്ചുകൊണ്ടിരിക്കുന്നത്.

വ്യവസ്ഥിതിമാറ്റത്തെ ലക്ഷ്യംവെക്കുന്ന ജമാഅത്തെ ഇസ്‌ലാമി ആനുകാലിക ഇന്ത്യൻ യാഥാർഥ്യങ്ങളുടെയും വെല്ലുവിളികളുടെയും നേരെ നിസ്സംഗത പുലർത്തുകയല്ല ചെയ്യുന്നത്. ഇസ്‌ലാമിക പരിപ്രേക്ഷ്യം താൽപര്യപ്പെടുന്ന നയനിലപാടുകൾ അവയുടെ നേരെ സ്വീകരിക്കുന്ന കാര്യത്തിൽ ഇസ്‌ലാമിക പ്രസ്ഥാനം ദത്തശ്രദ്ധമാണ്. അത്കൊണ്ടാണ് രാജ്യത്ത് വളർന്നുവരുന്ന വർഗീയതകൾക്കും ഹിംസാത്മക പ്രവണതകൾക്കും മനുഷ്യവകാശലംഘനങ്ങൾക്കുമെതിരെ ജമാഅത്ത് ശക്തമായി പ്രതികരിക്കുന്നത്. ദൈനംദിന ജീവിതത്തിൽ ഇന്ത്യക്കാരൻ അനുഭവിക്കുന്ന ദുഃഖങ്ങളോടും ദുരിതങ്ങളോടും ജമാഅത്ത് ഒരിക്കലും നിസ്സംഗമായിരുന്നിട്ടില്ല. മതേതരത്വത്തോടുള്ള അതിന്റെ സമീപനത്തിലും ഈ യാഥാർഥ്യബോധമാണ് തെളിഞ്ഞുകാണുന്നത്. ഇന്ത്യയിലെ ബഹുമത ബഹുദേശീയ സാംസ്കാരിക വിശേഷതയെയും സാമൂഹിക ഘടനയെയും നിഷേധിക്കുകയും ഹിന്ദുത്വത്തിന്റെ കുപ്പായമണിഞ്ഞ സവർണ ദേശീയതയിൽ ഇന്ത്യയിലെ ഹിന്ദുക്കളെയും അഹിന്ദുക്കളെയും വിലയിപ്പിക്കണമെന്ന് വാദിക്കുകയും ചെയ്യുന്ന വർഗീയ ഫാഷിസ്റ്റ് പ്രസ്ഥാനങ്ങൾ ശക്തിയാർജിച്ചുവരുന്ന ഇന്നത്തെ പശ്ചാത്തലത്തിൽ ഇന്ത്യൻ മതേതരത്വത്തിന്റെ സ്വീകാര്യമായ വിവക്ഷക്ക് പ്രസക്തിയേറുന്നുണ്ട്. അവർഗീയതയുടെ പര്യായമായിട്ടാണ് മതേതരത്വം ഇപ്പോൾ പൊതുവെ മനസ്സിലാക്കപ്പെടുന്നത്. ആരോഗ്യകരമായ ഈ കാഴ്ചപ്പാടിനെ ജമാഅത്തെ ഇസ്‌ലാമി അംഗീകരിക്കുകയും വർഗീയ ഫാസിസ്റ്റ് ശക്തികൾക്കെതിരായ പോരാട്ടത്തിൽ മതേതരവാദികളുടെ കൂടെ നിൽക്കുകയും ചെയ്യുന്നു. ഫാസിസ്റ്റ് ശക്തികൾക്കെതിരെ മതേതരവാദികൾക്ക് വോട്ട് ചെയ്യുക എന്ന ജമാഅത്തിന്റെ നയത്തിലും ഈ നിലപാട് തെളിഞ്ഞ് കാണാം. രാജ്യത്ത് സമാധാനവും സ്വാതന്ത്ര്യവും നിലനിന്നു കാണാനുള്ള ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ഉൽക്കടമായ ആഗ്രഹത്തെയാണ് ഇതെല്ലാം വ്യക്തമാക്കുന്നത്. ജമാഅത്തെ ഇസ്‌ലാമി ഇന്ത്യൻ ജനതയെ വിളിക്കുന്നതും സമാധാനത്തിന്റെ മാർഗത്തിലേക്കാണല്ലോ; ഇസ്‌ലാമിലേക്ക്.